# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണീട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(P6)1193/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/09/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണീട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണീട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണീട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(P6)1193/2023 തീയ്യതി: 12/09/2023

## എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 19-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2023 | 19-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) റസിയാ ബീവി ജെ.,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
2) ഹരീഷ് ബാബു എൻ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3) അനീഷ് ആർ.,സീനിയർ ഗ്രേഡ് ഓഡിറ്റർ
4) മുഹമ്മദ് ഷാഫി വി.എം., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോസഫ് വി.ജെ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| സീജ ജോസഫ് | സെക്രട്ടറി | 01-04-2022 | 04-04-2022 |
| ഷീബ കെ ഡി | സെക്രട്ടറി | 05-04-2022 | 06-04-2022 |
| ബിനിൽ | സെക്രട്ടറി | 07-04-2022 | 03-05-2022 |
| ജയന്തി കെ | സെക്രട്ടറി | 04-05-2022 | 28-09-2022 |
| അനിമോൾ കെ | സെക്രട്ടറി | 29-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സന്ധ്യ കെ എൻ | അസി.സെക്രട്ടറി | 01-04-2022 | 22-11-2022 |
| ആശ കെ പി | അസി.സെക്രട്ടറി | 23-11-2022 | 31-03-2023 |
| ഡോ.ഷീബ തോമസ് | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.വിപിൻ മോഹൻ റ്റി എം | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01-04-2022 | 31-03-2023 |
| ഡോ.ബിന്ദു ബി പണിക്കർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| മേരി മോൾ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.സഫ്ന ഐസക് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഷൈല കെ കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ദിവ്യ ഭൂപേഷ് | അസി.എഞ്ചിനിയർ | 01-04-2022 | 25-05-2022 |
| സൗമ്യ ജി | അസി.എഞ്ചിനിയർ | 26-05-2022 | 15-09-2022 |
| ശോഭ ജയിംസ് | അസി.എഞ്ചിനിയർ | 16-09-2022 | 31-03-2023 |
| ബേബി കെ സി | ഹെഡ്മാസ്റ്റർ,ഗവ.എൽ പി എസ് | 01-04-2022 | 31-03-2023 |
| ലിൻഡ ഡിക്രൂസ് | വി.ഇ.ഒ(മണീട്) | 01-04-2022 | 11-05-2022 |
| മോഹൻദാസ് കെ സി | വി.ഇ.ഒ(മണീട്) | 12-05-2022 | 31-03-2023 |
| ജോമോൻ ജോസ് | വി.ഇ.ഒ(ഏഴക്കരനാട്) | 01-04-2022 | 17-08-2022 |
| അനിൽ ജോസ് | വി.ഇ.ഒ(ഏഴക്കരനാട്) | 18-08-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങൾ , പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ | 1-1-1 |
| 3 | ഡിപ്രീസിയേഷൻ കണക്കാക്കിയതിന് വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല | 1-1-2 |
| 4 | ഗ്രാന്റിനത്തിൽ വന്ന തുക തിരികെ അടവാക്കിയിട്ടില്ല | 1-1-3 |
| 5 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല | 1-1-5 |
| 7 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയിലെ വ്യത്യാസം | 1-1-6 |
| 8 | വെള്ളക്കരമിനത്തിൽ കുടിശികയുള്ള തുക ബാധ്യതയായി കാണിച്ചിട്ടില്ല | 1-1-7 |
| 9 | രേഖകൾ ഹാജരാക്കിയില്ല | 1-1-8 |
| 10 | സഞ്ചയ-സാംഖ്യ പൊരുത്തമില്ല | 1-1-9 |
| 11 | സർവീസ് സെസ്-വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-10 |
| 12 | CGST, SGST ഇനത്തിൽ രേഖപ്പെടുത്തിയ തുകയിലെ അപാകത | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കിയിട്ടില്ല | 1-11 |
| 23 | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-12 |
| 24 | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനായി നൽകുന്ന പെർമിറ്റുകളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-13 |
| 25 | വസ്തു നികുതി-ഉപയോഗക്രമം നിർണ്ണയിച്ചതിലെ അപാകത | 1-14 |
| 26 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല | 1-15 |
| 27 | ലേലം - ഫയലുകൾ ലഭ്യമായിട്ടില്ല | 1-16 |
| 28 | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-17-1 |

| | | |
|---|---|---|
| 29 | പി.എച്ച്.സി ക്ക് പ്രിന്റർ വാങ്ങൽ - നടപടിക്രമം പാലിച്ചില്ല | 1-17-2 |
| 30 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ-മരുന്ന് ലഭ്യമായിട്ടില്ല | 1-18 |
| 31 | ഭവനപുനരുദ്ധാരണം - മൂല്യനിർണ്ണയമില്ലാതെ സബ്സിഡി അനുവദിച്ചു | 1-19 |
| 32 | ശുചിത്വകിണർ - എസ്റ്റിമേറ്റും, അളവുമില്ലാതെ സബ്സിഡി അനുവദിച്ചു | 1-20 |
| 33 | അജൈവമാലിന്യം നീക്കുന്നതിന് വാഹനവാടക നൽകി | 1-21 |
| 34 | നിരക്ക് നിർണ്ണയിച്ചതിലെ അപാകത | 1-22 |
| 35 | കാലിവീപ്പവില ക്രമീകരിച്ചിട്ടില്ല | 1-23 |
| 36 | വക്കീൽ ഫീസ്- ആദായ നികുതി ഈടാക്കിയില്ല | 1-24 |
| 37 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-25 |
| 38 | മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയതിലെ അപാകത | 1-26 |
| 39 | ഏൺഡ് ലീവ് സറണ്ടർ നൽകിയതിലെ അപാകത | 1-27 |
| 40 | കുടിവെള്ളക്കരം അടയ്ക്കാനുള്ളതിലെ അപാകത | 1-28 |
| 41 | കുന്നത്തുമറ്റം കുടിവെള്ള പദ്ധതി-അപാകതകൾ | 1-29 |
| 42 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകളുടെ വിവരം സംബന്ധിച്ച് | 1-30 |
| 43 | വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം-അപാകതകൾ | 1-31 |
| 44 | ജലജീവൻ പദ്ധതി- സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കിയിട്ടില്ല | 1-32 |
| 45 | വയലോരം ടൂറിസം പദ്ധതി | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അജൈവമാലിന്യം നീക്കുന്നതിന് വാഹനവാടക നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മണീട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.06.2023 ലെ 3(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 30.06.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മണീട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മണീട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്, എറണാകുളം

തീയതി : 08.09.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

### 1-1-1 അടിസ്ഥാന അനുപാതങ്ങൾ , പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ

വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ഡിപ്രീസിയേഷൻ കണക്കാക്കിയതിന് വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല

ആസ്തികൾക്ക് ഇൻകം&എക്സ്പെന്റീച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ കണക്കാക്കിയതിന് വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

### 1-1-3 ഗ്രാന്റിനത്തിൽ വന്ന തുക തിരികെ അടവാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം Refund Of Unutilised Grants-Prior Period (ഹെഡ് കോഡ്-350400999) ഇനത്തിൽ 4,75,633/-രൂപ നീക്കിയിരിപ്പുള്ളതായി കാണിച്ചിട്ടുണ്ട്. ഗ്രാന്റിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുക നാളിതു വരെയും തിരികെ അടയ്ക്കാതിരുന്നത് ശരിയായ നടപടിയല്ല.

### 1-1-4 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിലുള്ള ആകെ തുകയും ക്യാപ്പിറ്റൽ ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-5 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4878633.00 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -6210322.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-6 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയിലെ വ്യത്യാസം

B4 ഷെഡ്യൂൾ പ്രകാരം Joint Venture Projects - Block Panchayath, ജില്ലാ പഞ്ചായത്ത് വിഹിതം നീക്കിയിരുപ്പ് തുകകൾ ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരുപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

### 1-1-7 വെള്ളക്കരമിനത്തിൽ കുടിശികയുള്ള തുക ബാധ്യതയായി കാണിച്ചിട്ടില്ല

2023 മാർച്ച് മാസത്തെ വെള്ളക്കരം ഉൾപ്പെടെ 41901832/- രൂപയാണ് പഞ്ചായത്തിന്റെ വെള്ളക്കരമിനത്തിൽ കുടിശികയുള്ളത്. എന്നാൽ 2022-23 വാർഷിക കണക്കുകളിൽ ഈ തുക ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-8 രേഖകൾ ഹാജരാക്കിയില്ല

ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂളിൽ (Other Liabilities) 350300107 ഹെഡിൽ (Govt. & Other Dues Payable – River Management Fund ഇനത്തിൽ) കാണിച്ചിട്ടുള്ള 21,23,406/-രൂപയുടെ കൃത്യത ഉറപ്പാക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

### 1-1-9 സഞ്ചയ-സാംഖ്യ പൊരുത്തമില്ല

സഞ്ചയ പ്രകാരമുള്ള വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-10 സർവീസ് സെസ്-വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

സർവീസ് സെസ് (Arrear) മുൻവർഷ കുടിശ്ശിക, ഈ വർഷത്തെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-11 CGST, SGST ഇനത്തിൽ രേഖപ്പെടുത്തിയ തുകയിലെ അപാകത

CGST, SGST ഇനത്തിൽ മുൻവർഷ കുടിശ്ശിക, തൻവർഷം വരവായതും അടവാക്കിയതുമായ തുകകളും B-9 ഷെഡ്യൂളിൽ അവശേഷിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ പുതുക്കിയ ബജറ്റ് 25.02.2023 ലെ തീരുമാനം 4(1) പ്രകാരം പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ കണക്ക് |
|---|---:|---:|
| വരവ് | 16,66,85,028 | 3,68,41,928 |
| ചെലവ് | 16,48,30,060 | 3,19,63,295 |

കൃത്യമായ ഡിമാന്റ് കണക്കാക്കാവുന്ന ഇനങ്ങൾക്കു പോലും വളരെ ഉയർന്ന വരവ് പ്രതീക്ഷിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. NREGS, ക്ഷേമ പെൻഷൻ തുകകൾ ഉൾപ്പെടുത്തിയാൽ പോലും അന്തരമുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,65,23,873.05 |
| വരവ് | 3,68,41,928.00 |
| ആകെ | 5,33,65,801.05 |
| ചെലവ് | 3,19,63,295.00 |
| നീക്കിയിരുപ്പ് | 2,14,02,506.05 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് – ജനറൽ | | 11767884 | 11767884 | 11162779 | | 605105 |
| വികസനഫണ്ട് – SCP | | 6790185 | 6790185 | 6790185 | | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് (Untied) | | 1892125 | 1892125 | 1892125 | 0 | |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) | 189071+ 67873 | 4970595 | 5227539 | 4816289 | | 411250 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | | 15829000 | 15829000 | 15829000 | | 0 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം | | 4570000 | 4570000 | 4570000 | | 0 |
| ദുരിതാശ്വാസനിധി (311100101) | 156377 | 6328(പലിശ) | 162705 | 0 | 162705 | |
| Total Sanitation Campaign (320100181) | 237997 | 0 | 237997 | 0 | 237997 | |
| ICDS (320100196) | 530932 | 1082746 | 1613678 | 617017 | 996661 | |
| NPRPD (320100145) | 200000 | 0 | 200000 | 197325 | 2675 | |
| Alopathy (320200206) | 150000 | 0 | 150000 | 0 | 150000 | |
| ആയുർവേദ ഡിസ്പെൻസറി നവീകരണം (320200207) | 1897 | 0 | 1897 | 0 | 1897 | |
| വിമുക്തി (320100190) | 27750 | 0 | 27750 | 17400 | 10350 | |
| സാക്ഷരത (320100197) | 1774 | 12 | 1786 | 0 | 1786 | |
| ആരോഗ്യകേരളം (320200399) | 553024 | 0 | 553024 | 0 | 553024 | |
| സമ്പൂർണ്ണശുചിത്വം (320300103) | 889141 | 94614 (പലിശ ഉൾപ്പെടെ) | 983755 | 94614 | 889141 | |
| കേരളോത്സവം, കില(320300199) | 421738 | 5934 | 427672 | 5934 | 421738 | |
| ലൈഫ് സംസ്ഥാന വിഹിതം (320100160) | 1040000 | 1800000 | 2840000 | 840000 | 2000000 | |

(1) Appropriation Control Register പ്രകാരമുള്ള തുകയാണ് ഫണ്ടുകളുടെ വരവായി ചേർത്തിട്ടുള്ളത്.വിവിധ ഫണ്ടുകളിൽ നിന്നും ഉത്തവത്തിൽ കുറവ് ചെയ്ത തുകകളുടെ വിവരം താഴെ ചേർക്കുന്നു.

(I) വികസനഫണ്ട്(ജനറൽ) 1058858/-(ലൈഫ് മിഷൻ വായ്പ തിരിച്ചടവ് - 314258/- , അങ്കണവാടി ജീവനക്കാരുടെ പ്രതിഫലയിനത്തിൽ ഈടാക്കിയ തുക 744600/-)

(II) വികസനഫണ്ട്(SCP) 1181815/- (ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -പട്ടികജാതി)

(2) ധനകാര്യകമ്മീഷൻ അവാർഡ്(Tied)ഗ്രാന്റിൽ റിക്കവറിയിനത്തിൽ അടയ്ക്കാനുള്ള തുകയായ 72250/-രൂപ 2023 ഏപ്രിൽ മാസമാണ് അടവാക്കിയത്. ആയതിനാൽ ആ വ്യത്യാസം ACR Balance

മായി പൊരുത്തപ്പെടുന്നില്ല. കൂടാതെ മുൻ വർഷത്തെ നീക്കിബാക്കി ആകെ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. (3) ധനകാര്യകമ്മീഷൻ അവാർഡ് Bank Account Balance : 493440/- രൂപയാണ്. എന്നാൽ പാസ്ബുക്ക് പ്രകാരം 571224/-രൂപയാണ് ബാലൻസ് . 77784/-രൂപ പണമാക്കാത്ത ചെക്കുകളാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | ₹11,25,17,837 | 151 | ₹6,12,85,379 | 0 | 45 | 77% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 34 | 1076999 | 1077033 | 1073575 | 3458 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 23687425 | 23687425 | 23687425 | |
| ആകെ | 34 | 24764424 | 24764458 | 24761000 | 3458 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3284000 | 298 |
| വിധവാപെൻഷൻ | 6863400 | 632 |
| വാർദ്ധക്യകാലപെൻഷൻ | 19674400 | 1900 |
| വികലാംഗപെൻഷൻ | 24164000 | 223 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 564200 | 51 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.07.2023ൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,061/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ കാര്യക്ഷമമാക്കേണ്ടതാണ്.
1) പഞ്ചായത്തിന്റെ തനത് വരുമാനം തുലോം കുറവായ സാഹചര്യത്തിൽ തനത് വരുമാനത്തിന്റെ ഈടാക്കലുകളിൽ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. ഉദാ:- ലൈസൻസികൾ നല്കുന്ന അപേക്ഷകൾ പലതും അപൂർണ്ണമാണ്. ലൈസൻസ് നമ്പർ, മൂലധന വിവരങ്ങൾ, തൊഴിലാളികളുടെ എണ്ണം ഇവ രേഖപ്പെടുത്തുന്നില്ല. തന്മൂലം ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ കൃത്യതയില്ല. കമ്മറ്റി തീരുമാനം പ്രകാരം 500/- രൂ നിരക്കിൽ ലൈസൻസ് ഈടാക്കുന്നതിന് തീരുമാനം ഉണ്ടെങ്കിലും പലതിലും അതിൽ കുറവായ തുകയാണ് ഈടാക്കുന്നത്.
2) ലൈസൻസ് ഇല്ലാതെ ക്വാറികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് തീർത്തും ഒഴിവാക്കേണ്ടതാണ്.
3) സബ്സിഡി മാർഗരേഖ പ്രകാരവും സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ചും പദ്ധതികൾ നടപ്പാക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
4) വാടക രജിസ്റ്റർ ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ശരിയായ വിവരങ്ങൾ ഉൾപ്പെടുത്തി പരിപാലിക്കേണ്ടതാണ്.
5) കെട്ടിടവാടക :- സെക്യൂരിറ്റി ഡെപ്പോസിറ്റ് അക്കൗണ്ടിംഗ് അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.05.2022 | 31.03.2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.10.2022 | 2015-16 മുതൽ 2021-22 വരെ | 09.11.2022 |

## 1-11 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കിയിട്ടില്ല

മണീട് ഗ്രാമപഞ്ചായത്തിന്റെ 1992-93 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കിയിട്ടില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കപ്പെടുന്നത് സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം ആശാസ്യമായ സ്ഥിതിവിശേഷം അല്ല. തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് തീർപ്പാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 എഎ പ്രകാരം ഏതെങ്കിലും ആൾ നിയമാനുസൃതമല്ലാതെ ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് 203-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ച് മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നതെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതി ആയി നൽകുവാൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

മണീട് ഗ്രാമപഞ്ചായത്തിലെ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ആകെ 8 കെട്ടിടങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയിൽ രണ്ട് കെട്ടിടങ്ങൾ സഞ്ചയയിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളായി രേഖപ്പെടുത്തിയിട്ടില്ല.

| വർഷം | വാർഡ് നം | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | UAകെട്ടിടങ്ങളുടെ രജിസ്റ്റർ പേജ് നമ്പർ |
|---|---|---|---|---|
| 2014-15 | 9 | UA 112A | ജെയിംസ് ആന്റണി, പുത്തേഴത്ത് | 2 |
| 2014-15 | 4 | UA 346A | പ്രല, നെല്ലിക്കാപ്പിള്ളിൽ | 2 |

നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെടുത്തിയ കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26, 15.07.23) മറുപടി ലഭിച്ചില്ല. അപാകത പരിഹരിക്കേണ്ടതും, ഗ്രാമപഞ്ചായത്തിലെ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ കണ്ടെത്തി കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 എഎ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനായി നൽകുന്ന പെർമിറ്റുകളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല

കെ.പി.ബി.ആർ 2011 (കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ്) ചട്ടം 17(1) പ്രകാരം കെട്ടിട നിർമ്മാണത്തിനായി നൽകുന്ന പെർമിറ്റിന്റെ കാലാവധി 3 വർഷമാണ്. പെർമിറ്റ് കാലാവധിയിൽ തന്നെ അപേക്ഷിക്കുന്ന പക്ഷം രണ്ട് തവണ (ഒരോ തവണ 3 വർഷം എന്ന നിരക്കിൽ) പെർമിറ്റ് കാലാവധി നീട്ടി നൽകാവുന്നതുമാണ്.

ഗ്രാമപഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2019 ന് മുൻപ് ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിടങ്ങളുടെ എക്സ്റ്റൻഷനായി നൽകിയ പെർമിറ്റുകൾ കാലാവധി കഴിഞ്ഞതായി കാണുന്നു. പെർമിറ്റ് കാലാവധി പൂർത്തിയായ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ സാക്ഷ്യപത്രം ഹാജരാക്കിയതിന്റെയോ, നികുതി നിർണ്ണയം നടത്തിയതിന്റെയോ വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയ പ്രകാരമുള്ള ഡിമാന്റ് വിവരങ്ങൾ പ്രകാരം ഈ കെട്ടിടങ്ങൾക്ക് വസ്തു നികുതി പുനർനിർണ്ണയിച്ചിട്ടില്ല. ഇത് വസ്തു നികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ ഇടിവുണ്ടാകാൻ കാരണമാണ്. പെർമിറ്റ് രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെർമിറ്റ് നം/ തീയതി/ | അപേക്ഷകന്റെ പേര്/ | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണം | സഞ്ചയ പ്രകാരം | സഞ്ചയ DCB പ്രകാരം |
|---|---|---|---|---|---|---|

| | കാലാവധി പൂർത്തീകരണ തീയതി | ഉപയോഗക്രമം | | (ച.മീ.) (പെർമിറ്റ് രജിസ്റ്റർ പ്രകാരം) | കെട്ടിടത്തിന്റെ നിലവിലെ വിസ്തീർണ്ണം (ച മി) | നികുതി പുനർനിർണ്ണയം സംബന്ധിച്ച വിവരം |
|---|---|---|---|---|---|---|
| 1 | A3-29/16-17, 04.08.16, 03.08.2022 | രാജൻകുഞ്ഞ് പാർപ്പിടം | 9/255B | Exi. - 65.85 Pro. - 55.93 | 65.85 | നികുതി പുനർനിർണ്ണയിച്ചിട്ടില്ല |
| 2 | A5-14/16-17, 08.06.16, 07.06.19 | സുനിൽ , പാർപ്പിടം | 11/296A | Exi. – 56.95 Pro. – 54.73 | 56.98 | നികുതി പുനർനിർണ്ണയിച്ചിട്ടില്ല |
| 3 | A4-1442/15, 13.08.15, 12.08.18 | ജോയി മത്തായി, പാർപ്പിടം | 2/279 | രജിസ്റ്റർ പ്രകാരം വിവരങ്ങൾ പൂർണ്ണമല്ല | 50 | നികുതി പുനർനിർണ്ണയിച്ചിട്ടില്ല |
| 4 | A5-84/15-16, 24.11.15, 23.11.18 | സുഷമ വിജയൻ, വാണിജ്യം | 6/239 | രജിസ്റ്റർ പ്രകാരം വിവരങ്ങൾ പൂർണ്ണമല്ല | 21.7 | നികുതി പുനർനിർണ്ണയിച്ചിട്ടില്ല |

മേൽ കെട്ടിടങ്ങളുടെ പെർമിറ്റ് കാലാവധിക്കു ശേഷവും തുടർനടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24, 15.07.23) മറുപടി നൽകിയിട്ടില്ല. മേൽ പട്ടികയിലുള്ള കെട്ടിടങ്ങളുടേതടക്കം പെർമിറ്റ് രജിസ്റ്റർ പ്രകാരം പെർമിറ്റ് അനുവദിച്ച മുഴുവൻ നിർമ്മാണ പ്രവൃത്തികളും ആയതിന് അനുവദിച്ച സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടോ എന്നും കൂട്ടിച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളുടെ അധിക നിർമ്മാണം പൂർത്തിയാക്കുന്ന പക്ഷം വസ്തുനികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടുണ്ടോ എന്നും പരിശോധന നടത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 വസ്തു നികുതി-ഉപയോഗക്രമം നിർണ്ണയിച്ചതിലെ അപാകത

മണീട് ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന രാസായന ആയുർവേദ ഹോസ്പിറ്റൽ എന്ന സ്ഥാപനത്തിന്റെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ആശുപത്രികൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 5/-രൂപ (ച.മീറ്ററിന്) നിരക്കിൽ ആണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഈ സ്ഥാപനത്തിന്റെ വെബ്സൈറ്റ് (Www.rasayanaayurveda.co.in) പരിശോധിച്ചതിൽ നിന്നും വളരെ പ്രീമിയം സൗകര്യങ്ങളായ ഇൻഡോർ ഗെയിംസ് ഫെസിലിറ്റി, യോഗ ആന്റ് മെഡിറ്റേഷൻ സെന്റർ, ജോഗിംഗ് ട്രാക്ക്, വൈഫൈ ഫെസിലിറ്റി, ലൈബ്രറി, താമസത്തിനായി എ.സി./നോൺ എ.സി. റൂമുകൾ എന്നിവ ഉൾപ്പെട്ട ആയുർവേദ ചികിത്സ സെന്റർ ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സൗന്ദര്യ സംരക്ഷണം, രോഗപ്രതിരോധശേഷി കൂട്ടുക, യവ്വനം പുനസ്ഥാപിക്കൽ (Rejuvenation) എന്നിങ്ങനെ ചികിത്സകൾ ഇവിടെ ലഭ്യമാണെന്നും സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ എന്ന വിഭാഗത്തിൽ പെടുത്താവുന്ന ഒരു സ്ഥാപനമാണിതെന്ന് മേൽ പറഞ്ഞ സൗകര്യങ്ങളിൽ നിന്നും വ്യക്തമാണ്. സ്ഥാപനത്തിന്റെ ലൈസൻസ് അപേക്ഷ പ്രകാരമുള്ള കെട്ടിടങ്ങളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | വിസ്തീർണ്ണം (ച.മീ.) | | ക്രമ നം | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ.) |
|---|---|---|---|---|---|---|
| 1 | 1/263/A1 | 45.45 | | 6 | 1/263/A6 | 75.44 |
| 2 | 1/263/A2 | 45.45 | | 7 | 1/263/A7 | 75.44 |
| 3 | 1/263/A3 | 45.45 | .... | 8 | 1/263/A8 | 76.02 |
| 4 | 1/263/A4 | 45.45 | | 9 | 1/263/A9 | 106.82 |
| 5 | 1/263/A5 | 70.98 | | 10 | 1/263/M | 603.15 |

മേൽ സ്ഥാപനം ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നതാണോ എന്ന് പരിശോധിച്ച് വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18, 13.07.23) മറുപടി ലഭിച്ചു. കെട്ടിട ഉടമയുടെ അപേക്ഷ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള ഓർഡർ എന്നിവ പരിഗണിച്ചാണ് ഇപ്രകാരം ആശുപത്രി എന്ന് ഉപയോഗക്രമം നിശ്ചയിച്ചതെന്ന് മറുപടിയിൽ പറയുന്നു. മേൽ വസ്തുതകൾ സംബന്ധിച്ച് ഒരു ഫീൽഡ് പരിശോധനപോലും കൂടാതെ നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. മേൽ സ്ഥാപനത്തെ സംബന്ധിച്ച് ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങൾക്ക് ഉചിതമായ ഉപയോഗക്രമം നിർണ്ണയിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2022-2023 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി(രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|---|
| 1 | 4/22-23 | കെ.ജെ.പി അഗ്രിഗേറ്റ്സ് | 6 |
| 2 | 5/22-23 | ഡയമണ്ട് അഗ്രിഗേറ്റ്സ് | 5 |
| 3 | 8/22-23 | സാജ് അലുമിനിയം കമ്പനി | 7 |
| 4 | 9/22-23 | പ്രകാശ് മെറ്റൽ ഇൻഡസ്ട്രീസ് | 6 |
| 5 | 20/22-23 | ആർ.എം റോക്സ് ആന്റ് സാന്റ് | 6 |
| 6 | 27/22-23 | പവർ ബ്രിക്സ് | 4 |
| 7 | 36/22-23 | ഹബീന പേപ്പർ പ്രൊഡക്ട്സ് | 5 |
| 8 | 37/22-23 | ലാബ്ടെക്ക് സയന്റിഫിക് ഇൻസ്ട്രുമെന്റ്സ് | 7 |
| 10 | 58/22-23 | ക്യൂബ് കമ്പനി | 9 |
| 11 | 95/22-23 | മാഗ്ന ലാറ്റെക്സ് പ്രൊഡക്ട്സ് | 12 |
| 12 | 109/22-23 | ഹൈകോൺസ് ഡിസൈനർ പേവേഴ്സ് | 7 |

തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19, 13.07.23) മറുപടി ലഭിച്ചില്ല. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി അവർക്ക് ബാധകമാകുന്ന നിരക്കിൽ ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ലേലം - ഫയലുകൾ ലഭ്യമായിട്ടില്ല

റെസീപ്റ്റ് & പേയ്മെന്റ്സ് പ്രകാരവും ഇൻകം &എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരവും 150100107 (Receipts From Sale Of Usufructs Of Trees) എന്ന ഹെഡിൽ 2022-23 സാമ്പത്തിക വർഷം ₹1,18,700/- രൂപ വരവുള്ളതായി കാണുന്നു. ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 30, 19.07.23) മറുപടി ലഭിച്ചില്ല. ലേലത്തിന്റെ ഫയലുകൾ പരിശോധനക്കായി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-17-1 പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നം. | ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ, 160/22-23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ മണീട് |
| അടങ്കൽ തുക | ₹487500/-<br>₹179000/-(മെയിന്റനൻസ് ഫണ്ട്, റോഡിതരം)<br>₹308230/-(വികസന ഫണ്ട്-ജനറൽ)<br>₹270/-(തനത് ഫണ്ട്) |
| ആകെ ചെലവ് | ₹ 487500/- |

| ക്രമ നം | തുക | ബിൽ/ വൗച്ചർ നം., തീയതി (എ.സി.ആർ പ്രകാരം) | ഫണ്ടിനം |
|---|---|---|---|
| 1 | 8230 | 452, 31.03.23 | ഡെവലപ്മെന്റ് ഫണ്ട് ജനറൽ |
| 2 | 300000 | 135, 19.12.22 | ഡെവലപ്മെന്റ് ഫണ്ട് ജനറൽ |
| 3 | 36060 | 380, 22.03.23 | മെയിന്റനൻസ് ഫണ്ട്, റോഡിതരം |
| 4 | 27726 | 136, 19.12.22 | മെയിന്റനൻസ് ഫണ്ട്, റോഡിതരം |
| 5 | 24940 | 344, 17.03,23 | മെയിന്റനൻസ് ഫണ്ട്, റോഡിതരം |

| | | | |
|---|---|---|---|
| 6 | 40278 | 108, 26.11.22 | മെയിന്റനൻസ് ഫണ്ട്, റോഡിതരം |
| 7 | 49996 | 48, 23.09.22 | മെയിന്റനൻസ് ഫണ്ട്, റോഡിതരം |
| 8 | 270 | 1102, 24.03.23 | തനത് ഫണ്ട് |

മേൽ പദ്ധതി പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോപ്പറേഷൻ (കെ.എം.എസ്.സി.എൽ), കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് (കെ.എസ്.ഡി.പി.എൽ), സപ്ലൈകോ എന്നീ സ്ഥാപനങ്ങൾക്കാണ് പണം നൽകിയിട്ടുള്ളത്. മരുന്ന് ലഭ്യമായ ഇൻവോയ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | സ്ഥാപനം | മരുന്ന് ലഭ്യമായ ഇൻവോയ്സ് നം., തീയതി | തുക(₹) |
|---|---|---|---|
| 1 | കെ.എസ്.ഡി.പി.എൽ | OMM 0528, 17.03.23 | 36,060 |
| 2 | കെ.എസ്.ഡി.പി.എൽ | OMM 0529, 17.03.23 | 270 |
| 3 | കെ.എസ്.ഡി.പി.എൽ | OMM 0527, 17.03.23 | 8,230 |
| 4 | സപ്ലൈകോ | 0703301/221243, 13.03.23 | 24,940 |
| 5 | കെ.എം.എസ്.സി.എൽ | 11422, 04.07.23 | 5,040 |
| 6 | കെ.എം.എസ്.സി.എൽ | 6063, 25.05.23 | 235 |
| 7 | കെ.എം.എസ്.സി.എൽ | 21741, 02.01.23 | 29,232 |
| 8 | കെ.എം.എസ്.സി.എൽ | 18991, 28.11.22 | 6,854 |
| 9 | കെ.എം.എസ്.സി.എൽ | 537, 06.04.23 | 2,856 |
| 10 | കെ.എം.എസ്.സി.എൽ | 13831, 14.10.22 | 29,770 |
| 11 | കെ.എം.എസ്.സി.എൽ | 10225, 22.06.23 | 11,805 |
| 12 | കെ.എം.എസ്.സി.എൽ | 7892, 06.06.23 | 1,124 |
| 13 | കെ.എം.എസ്.സി.എൽ | 7746, 05.06.23 | 96 |
| 14 | കെ.എം.എസ്.സി.എൽ | 6033, 25.05.23 | 112 |
| 15 | കെ.എം.എസ്.സി.എൽ | 4882, 20.05.23 | 1,605 |
| 16 | കെ.എം.എസ്.സി.എൽ | 2675, 09.05.23 | 4,153 |
| 17 | കെ.എം.എസ്.സി.എൽ | 2138, 06.05.23 | 264 |
| 18 | കെ.എം.എസ്.സി.എൽ | 1011, 18.04.23 | 11,592 |
| 19 | കെ.എം.എസ്.സി.എൽ | 322, 04.04.23 | 33,543 |
| 20 | കെ.എം.എസ്.സി.എൽ | 27150, 16.03.23 | 9,408 |
| 21 | കെ.എം.എസ്.സി.എൽ | 24765, 13.02.23 | 12,320 |
| 22 | കെ.എം.എസ്.സി.എൽ | 21347, 27.12.22 | 52,097 |
| 23 | കെ.എം.എസ്.സി.എൽ | 23949, 25.01.23 | 2,890 |
| 24 | കെ.എം.എസ്.സി.എൽ | 23365, 17.01.23 | 7,392 |
| 25 | കെ.എം.എസ്.സി.എൽ | 21340, 27.12.22 | 9,234 |
| | ആകെ | | 3,01,122 |

ആകെ 3,01,122/-രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. ബാക്കി 1,86,378/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്കായി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.20, 13.07.23)മറുപടി നൽകിയിട്ടില്ല. മരുന്ന് ലഭ്യമാക്കി ആയതിന്റെ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കുന്നതുവരെ 1,86,378/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-17-2 പി.എച്ച്.സി ക്ക് പ്രിന്റർ വാങ്ങൽ - നടപടിക്രമം പാലിച്ചില്ല

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | നിർവഹണ ഉദ്യോഗസ്ഥരുടെ കണ്ടിജൻസി ചെലവുകൾ |
| പ്രൊജക്ട് നം. | 172/22-23 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. മണീട് |
| അടങ്കൽ തുക | 120000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |

പദ്ധതിയുടെ ഭാഗമായി എ.സി.ആർ ലെ വിവിധ ബിൽ നമ്പറുകൾ പ്രകാരം ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം , തീയതി | തുക (₹) |
|---|---|

| | |
|---|---|
| 106, 24.11.22 | 4,515 |
| 113, 28.11.22 | 1,047 |
| 126, 12.12.22 | 683 |
| 129, 13.12.22 | 1,427 |
| 173, 07.01.23 | 1,455 |
| 174, 07.01.23 | 19,445 |
| 204, 27.01.23 | 3,563 |
| 240, 10.02.23 | 37,359 |
| 272, 21.02.23 | 3,435 |
| 346, 17.03.23 | 6,850 |
| 427, 28.03.23 | 40,221 |

ബിൽ നം 174 പ്രകാരം ചെലവഴിച്ച ആകെ 19,445/-രൂപയിൽ 13,800/-രൂപ ഗാർനെറ്റ് കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും പ്രിന്റർ വാങ്ങുന്നതിനാണ് ഉപയോഗിച്ചത്. സർക്കാർ സ്ഥാപനങ്ങളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സി.പി.ആർ.സി.എസ് പോർട്ടലിൽ ലഭ്യമായ ഐ.ടി ഉപകരണങ്ങൾ സി.പി.ആർ.സി.എസ് പോർട്ടലിലൂടെയാണ് വാങ്ങേണ്ടത് (സർക്കുലർ- ഐ.ടി. സെൽ -1/26/2019 വി.സ.വ, തീയതി. 18.03.2019). കൂടാതെ പഞ്ചായത്ത് പ്രൊക്വർമെന്റ് മാനുവൽ പ്രകാരം 5000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ക്വട്ടേഷനുകൾ സ്വീകരിക്കേണ്ടതാണ്, എന്നാൽ ക്വട്ടേഷനുകൾ സ്വീകരിച്ചതായി രേഖകൾ ലഭ്യമാക്കിയിട്ടില്ല. മേൽ നിബന്ധനകൾ പാലിക്കാതെ പ്രിന്റർ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7, 11.07.23) മറുപടി ലഭ്യമായില്ല. കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

### 1-18 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ-മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നം. | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ , 69/22-23 |
| നിർവ്വഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ തുക | ₹100000, മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |
| ചെലവഴിച്ച തുക, ബിൽ നം, തീയതി | ₹100000, 100/22-23, 24.11.22 |

മേൽ പദ്ധതി പ്രകാരം 1,00,000/-രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ഇൻവോയ്സ് നം. LF-268 (തീയതി.14.06.23)പ്രകാരം ആകെ 81,485/-രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിത് വരെ ലഭിച്ചിട്ടുള്ളത്. ബാക്കി 18,515/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്കായി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29, 15.07.23) മറുപടി ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ 18,515/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-19 ഭവനപുനരുദ്ധാരണം - മൂല്യനിർണ്ണയമില്ലാതെ സബ്സിഡി അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം. | S224/23 |
| പ്രോജക്ടിന്റെ പേര് | ഭവനപുനരുദ്ധാരണം - ജനറൽ |
| അടങ്കൽ, ഫണ്ട് | 900000/-<br>{വികസനഫണ്ട് (പൊതുവിഭാഗം) - 850000/-<br>തനതുഫണ്ട് - 50000/-} |
| ചെലവ് | 550000/- വികസനഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം./തിയതി | 348/17.03.23, 368/20.03.23, 415/28.03.23 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ. പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ 6.7.4 ഖണ്ഡിക പ്രകാരം പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന് പരമാവധി ₹1,00,000/- നൽകാവുന്നതാണ്. ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി. വിഭാഗം ഓവർസീയർ സാക്ഷ്യപ്പെടുത്തി കരാറിലേർപ്പെട്ട ശേഷം 50% തുക മുൻകൂറായി നൽകാം. പണി പൂർത്തിയാക്കിയ ശേഷം ബന്ധപ്പെട്ട ഓവർസീയർ/എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തി ബാക്കി തുക അനുവദിക്കാം. മേൽ സൂചിപ്പിച്ച പദ്ധതിയിൽ

പൊതുവിഭാഗത്തിൽപ്പെട്ട 10 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിനായി 1,00,000/-രൂപയിൽ അധികമാകാതെ നൽകിയിട്ടുണ്ട്. ആയതിൽ അംബിക പി.കെ. (ചിറമൊളേൽ, ഏഴയ്ക്കരനാട് സൗത്ത് പി ഒ) എന്ന വ്യക്തിക്ക് ₹40,000/- വീതമുള്ള രണ്ട് ഗഡുക്കളായി ആകെ ₹80,000/- നൽകിയിട്ടുണ്ട്. എന്നാൽ, ഈ ഗുണഭോക്താവിന്റെ എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി വിഭാഗം ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അസി എഞ്ചിനിയർ മൂല്യനിർണ്ണയം നടത്തുകയും ചെയ്തിട്ടില്ല. കൂടാതെ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 13/13.07.2023) മറുപടി ലഭിച്ചില്ല. ആയതിനാൽ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനിയറുടെ മൂല്യനിർണയ സാക്ഷ്യപത്രമില്ലാതെ അനുവദിച്ച സബ്സിഡി തുക ₹80,000/- ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

1-20 ശുചിത്വകിണർ - എസ്റ്റിമേറ്റും, അളവുമില്ലാതെ സബ്സിഡി അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം. | S099/23 |
| പ്രോജക്ടിന്റെ പേര് | തുറസായ കുടിവെള്ളകിണർ ശുചിത്വകിണർ ആക്കിമാറ്റൽ (പട്ടികജാതി) |
| അടങ്കൽ, ഫണ്ട് | ₹2,08,000/- (വികസനഫണ്ട് - എസ്.സി.പി.) |
| ചെലവ് | ₹1,91,660/- |
| ബിൽ നം./തിയതി | 179/10.01.23 – ₹15,660/-<br>210/30.01.23 – ₹16,000/-<br>249/15.02.23 – ₹16,000/-<br>282/24.02.23 – ₹16,000/-<br>283/24.02.23 – ₹16,000/-<br>359/18.03.23 – ₹32,000/-<br>405/27.03.23 – ₹1,398/-<br>416/28.03.23 – ₹14,602/-<br>422/28.03.23 - ₹64,000/- |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ. ഉ. (കൈ) നം. 115/2022/ത.സ്വ.ഭ.വ. പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ 6.6.4 ഖണ്ഡിക പ്രകാരം തുറസായ കുടിവെള്ളകിണറുകൾ ശുചിത്വകിണറുകൾ ആക്കിമാറ്റുന്നതിന് എൽ.എസ്.ജി.ഡി. ഓവർസീയറുടെ എസ്റ്റിമേറ്റിന്റെയും, അളവിന്റെയും അടിസ്ഥാനത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് യഥാർഥ ചെലവ് (പരമാവധി ₹ 16000/-) നൽകാവുന്നതാണ്. മേൽ സൂചിപ്പിച്ച പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 12 ഗുണഭോക്താക്കൾക്ക് കിണറുകളുടെ ഉൾവശം സിമന്റ് പൂശുന്നതിനും, ചുറ്റുമതിൽ നിർമ്മിക്കുന്നതിനും, ഫ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനും, മലിനജലം ഒഴുകിപ്പോകുന്നതിന് ചാലുകൾ നിർമ്മിക്കുന്നതിനും, മുകൾഭാഗത്ത് സംരക്ഷണവലകൾ കെട്ടുന്നതിനുമായി 16000/- രൂപയിൽ അധികമാകാതെ സബ്സിഡി അനുവദിച്ചിട്ടുണ്ട്. എന്നാൽ, എൽ.എസ്.ജി.ഡി. ഓവർസീയർ എസ്റ്റിമേറ്റ് തയ്യാറാക്കി അളവ് രേഖപ്പെടുത്താതെയാണ് ഇതിൽ 3 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചത്. കൂടാതെ കുടിവെള്ളം, ശുചിത്വം, മാലിന്യനിർമ്മാർജനം വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല. എൽ.എസ്.ജി.ഡി. ഓവർസീയറുടെ എസ്റ്റിമേറ്റും, അളവുമില്ലാതെ ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | സബ്സിഡി തുക (₹) |
|---|---|---|
| 1, | വിനു എൻ.കെ., നടപ്പറമ്പിൽ, ചീരക്കാട്ടുമല | 16,000/- |
| 2, | സുകുമാരൻ പി.എ., വില്ലുകുഴിയിൽ. ഏഴയ്ക്കരനാട് സൗത്ത് | 16,000/- |
| 3, | സജി ടി.ടി., തെക്കുംമല, ഏഴയ്ക്കരനാട് സൗത്ത് | 16,000/- |
| ആകെ | | 48,000/- |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 04/11.07.2023) മറുപടി ലഭിച്ചില്ല. ആയതിനാൽ എൽ.എസ്.ജി.ഡി. ഓവർസീയറുടെ എസ്റ്റിമേറ്റും, അളവുമില്ലാതെ മൂന്ന് ഗുണഭോക്താക്കൾക്ക് നൽകിയ സബ്സിഡി തുക 48,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 അജൈവമാലിന്യം നീക്കുന്നതിന് വാഹനവാടക നൽകി

മണീട് ഗ്രാമപഞ്ചായത്തിലെ മിനി എം.സി.എഫ്.കളിൽ ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവമാലിന്യം മുഖ്യ എം.സി.എഫ്.ൽ എത്തിക്കുന്നതിനുള്ള വാഹനവാടക നൽകുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ മുഖ്യ എം.സി.എഫ്.ൽ ശേഖരിച്ചിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം ക്ലീൻ കേരള കമ്പനിയുടെ മൂവാറ്റുപുഴയിലുള്ള ശേഖരണകേന്ദ്രത്തിൽ എത്തിച്ച വകയിലെ വാഹന വാടകയായി ₹10,000/- നൽകിയിട്ടുണ്ട്. മണീട് ഗ്രാമപഞ്ചായത്ത്, ക്ലീൻ കേരള കമ്പനിയുമായി 12.07.2021ന് ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ തരംതിരിച്ച് ശേഖരിക്കുന്ന മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ നീക്കംചെയ്യുന്നതിനുള്ള സംവിധാനം ക്ലീൻ കേരള കമ്പനി ഒരുക്കേണ്ടതാണ്. മുഖ്യ എം.സി.എഫ്.ൽ ശേഖരിച്ചിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം ക്ലീൻ കേരള കമ്പനിയുടെ മൂവാറ്റുപുഴയിലുള്ള ശേഖരണകേന്ദ്രത്തിൽ എത്തിച്ചതിന് വാഹനവാടക നൽകിയത് കരാറിന് വിരുദ്ധമാണ്. വിശദ വിവരം ഖണ്ഡിക 3-2ൽ ചേർത്തിട്ടുണ്ട്.

## 1-22 നിരക്ക് നിർണ്ണയിച്ചതിലെ അപാകത

2022-23 സാമ്പത്തിക വർഷം നടപ്പാക്കിയിട്ടുള്ള എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രവൃത്തികളിൽ അധിക നിരക്കാണ് നിർണ്ണയിച്ച് നൽകിയിട്ടുള്ളത്. എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയിട്ടുള്ള ലോക്കൽ മാർക്കറ്റ് റേറ്റ് വരുന്ന പ്രവൃത്തികളിൽ കുറഞ്ഞ നിരക്ക് സ്വീകരിക്കുമ്പോൾ തൊഴിലുറപ്പ് പദ്ധതികളുടെ നിരക്ക് കൂടുതലായി കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി (അളവ് പുസ്തകം) | ചെയ്ത പ്രവൃത്തി | നൽകിയ തുക | നൽകാവുന്ന തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | തടിയ്ക്കാം കടവ് എഴുപുറം റോഡ് ടൈൽ വിരിച്ച് സംരക്ഷണം (77/21-22) | Providing And Laying 80mm Thick Factory Made Concrete Inter Locking Paver Block... (348.28m2) | 348.28x1229.725= 428289 | 348.28x1008.47= 351230 | 77059 |
| 2 | മുണ്ടങ്ങാട്ടിൽ റോഡ് ടൈൽ വിരിച്ച് സംരക്ഷണം (178/21-22) | ,,(289.04m2) | 289.04x1229.725= 355440 | 289.04x1008.47= 291488 | 63952 |
| 3 | മേമ്മുഖം ചൂരമതത്താഴം റോഡ് റോഡ് ടൈൽ വിരിച്ച് സംരക്ഷണം (122/21-22) | ,,(209.96m2) | 209.96x1229.725= 258193 | 209.96x1008.47= 211738 | 46455 |
| 4 | കുഞ്ഞൻമല-അമ്പലത്തറ റോഡ് ടൈൽ വിരിച്ച് സംരക്ഷണം (152/21-22) | ,,(187.35m2) | 187.35x1229.725= 230389 | 187.35x1008.47= 188937 | 41452 |
| 5 | ചേലായിത്താഴം റോഡ് ടൈൽ വിരിച്ച് സംരക്ഷണം (161/21-22) | ,,(293.911m2) | 293.911x1252.475= 368116 | 293.911x1008.47= 296400 | 71716 |
| 6 | ചേലായിത്താഴം ബ്ലായിത്താഴംറോഡ് ടൈൽ വിരിച്ച് സംരക്ഷണം (76/21-22) | ,,(351.65m2) | 351.65x1229.725= 432433 | 351.65x1008.47= 354628 | 77805 |

മേൽ രീതിയിൽ അധിക തുക നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.02/10.07.2023)നൽകിയതിന് ലഭിച്ച മറുപടിയിൽ തൊഴിലുറപ്പ് പദ്ധതിയിൽ തയ്യാറാക്കുന്ന നിരക്കുകൾ സെക്യൂർ എന്ന സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്നതാണെന്നും ലോക്കൽ മാർക്കറ്റ് റേറ്റ് പ്രകാരമാണ് തയ്യാറാക്കുന്നതെന്നും വിശദീകരിച്ചു. ആയത് ഓഡിറ്റ് അംഗീകരിക്കുന്നു. ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി. വിഭാഗം തയ്യാറാക്കുന്ന നിരക്കുകൾ ലോക്കൽ മാർക്കറ്റ് റേറ്റ് പ്രകാരവും, കരാറുകാരന്റെ ലാഭവും, ഓവർഹെഡ് ചാർജ്ജും, കോസ്റ്റ് ഇൻഡക്സും ഉൾപ്പെടുത്തിയാണ് തയ്യാറാക്കുന്നത്. ആയതിനാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ രണ്ട് രീതിയിൽ നിരക്ക് കണക്കാക്കുന്നത് പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ

കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 കാലിവീപ്പവില ക്രമീകരിച്ചിട്ടില്ല

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ (പി ) നം. 177/2006 നമ്പർ ഉത്തരവിലെ ഖണ്ഡിക 10 പ്രകാരം,(തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 30.10.2007-ലെ 59827/FM/07 നമ്പർ സർക്കുലർ കൂടി കാണുക) കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്റ്റിനുവേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ടാറിംഗ്/റീ-ടാറിംഗ് പ്രോജക്ടുകളുടെ ബില്ലിൽനിന്ന് കാലിവീപ്പ വില ഈടാക്കിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്.

സർക്കാരിലേക്ക് ഒടുക്കേണ്ട തുക ഗ്രാമപഞ്ചായത്ത് ഫണ്ടിന്റെ ഭാഗമാക്കിയ നടപടി ക്രമപ്രകാരമുള്ളതല്ല. പ്രസ്തുത പ്രോജക്ടുകൾക്കുവേണ്ടി വികസന ഫണ്ട് / ആസ്തി സംരക്ഷണ ഗ്രാന്റ് (റോഡ്) വിനിയോഗിച്ചിട്ടുള്ളതിനാൽ ബാരൽ വില യഥാക്രമം 3604-911-Deduct Recoveries Of Overpayments/3054-911-Deduct Recoveries Of Overpayments - എന്ന ശീർഷകങ്ങളിലേക്കും GST ആയതിന്റെ കണക്കു ശീർഷകത്തിലും ഒടുക്കാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.11/13.07.23)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. തൻ വർഷത്തെ തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 വക്കീൽ ഫീസ്- ആദായ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്ന അഡ്വക്കേറ്റ് സുനു പി ജോണിന് 2022-23 സാമ്പത്തിക വർഷം ഹൈക്കോടതിയിൽ ഹാജരായതിന് താഴെപ്പറയും വിധം ഫീസ് നൽകിയിട്ടുണ്ട്.

| തുക | ചെക്ക് | തീയതി | ഈടാക്കേണ്ട നികുതി (10%) |
|---|---|---|---|
| 45000 | 014228 | 15.12.2022 | 4500 |

ആദായ നികുതി വകുപ്പിന്റെ 194 (J) ആക്റ്റ് പ്രകാരം പ്രൊഫഷണൽ പ്രവൃത്തികളിൽ ഏർപ്പെടുന്ന വ്യക്തികളിൽ നിന്നും അവർക്ക് നല്കുന്ന ഫീസിൽ നിന്ന് 10% തുക വരുമാന നികുതിയായി ഈടാക്കാമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും അഡ്വക്കേറ്റ് സുനു പി ജോണിൽ നിന്നും 4500/-രൂപ ഈടാക്കിയതായി കാണുന്നില്ല. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.06/11.07.23)നൽകിയതിന് ലഭിച്ച മറുപടിയിൽ വ്യത്യസ്ത ബില്ലുകൾ പ്രകാരമുള്ള തുകയാണ് ഒന്നിച്ച് നൽകിയതെന്ന് അറിയിക്കുകയുണ്ടായി. ഇത്തരത്തിൽ വക്കീലിന് ഒരു ചെക്ക് മുഖേന നൽകുന്ന തുകയ്ക്ക് ആദായ നികുതി ഈടാക്കേണ്ടതാണ്. മേൽപ്പറഞ്ഞിട്ടുള്ള വക്കീലിന് ഫീസിനത്തിൽ നൽകിയിട്ടുള്ള തുകയ്ക്ക് ആദായ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8(1) പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്-റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan)തയ്യാറാക്കേണ്ടതാണ് എന്നും സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് എന്ന് നിർദേശിച്ചിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8(2) പ്രകാരം അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ് എന്നും നിർദേശിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ നം.ഐ.ബി-1/141/2017 /ത.സ്വ.ഭ.വ തീയതി 23.08.2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ മണീട് ഗ്രാമപഞ്ചായത്തിൽ സചിത്ര സോഫ്റ്റ്‌വെയർ പ്രകാരമുള്ള ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെയും ആസ്തി രജിസ്റ്റർ കാലികമാക്കിയതിന്റെയും വിവരങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.12/13.07.23)നൽകിയതിന് മറുപടി ലഭിച്ചില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയതിലെ അപാകത

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) 10% OH ഉം 10% CP ഉം നൽകുന്നു.

PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നുണ്ട്. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/ത.സ്വ.ഭ.വ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനാണ് വ്യക്തമാക്കിയിട്ടുള്ളത്. ആയതിനാൽ LSGD PRICE സോഫ്റ്റ്‌വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

2) PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു.

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പി.ഡബ്ല്യു.ഡി മാനുവൽ, മേൽസൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. മേൽ പറഞ്ഞവ അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.14/13.07.23)മറുപടി ലഭിച്ചില്ല. PRICE സോഫ്റ്റ്‌വെയറിലെ ഈ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ഏൺഡ് ലീവ് സറണ്ടർ നൽകിയതിലെ അപാകത

| | | |
|---|---|---|
| വൗച്ചർ നം./തീയതി | 2220001103/24.03.2023 | 2220001131/29.03.2023 |
| നൽകിയ തുക | 39,770/- | 39,770/- |

എം.ജി.എൻ.ആർ.ഇ.ജി.എസ്. വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഏൺഡ് ലീവ് സറണ്ടർ അനുവദിച്ചതിൽ അപാകത കാണുന്നു. താഴെപ്പറയും പ്രകാരമാണ് തുക അനുവദിച്ചത്.

| ജീവനക്കാരിയുടെ പേര് | തസ്തിക | ലീവ് സറണ്ടർ തുക |
|---|---|---|
| ശ്രീമതി ബിൻസി | അക്രഡിറ്റഡ് എഞ്ചിനിയർ | 15,730/- |
| ശ്രീമതി ഗീതു | ഓവർസിയർ | 12,020/- |
| ശ്രീമതി പ്രിയ | ഡാറ്റാ എൻടി ഓപ്പറേറ്റർ | 12,020/- |

2022-23 സാമ്പത്തിക വർഷം രണ്ട് തവണ ഏൺഡ് ലീവ് സറണ്ടർ അനുവദിച്ചിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ്. വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ

കാലാവധി സ.ഉ(കൈ)നം.47/2016/ത.സ്വ.ഭ.വ. തീയതി 03.03.2016ലെ ഉത്തരവ് പ്രകാരം രണ്ട് വർഷമായി നിജപ്പെടുത്തിയിട്ടുള്ളതും, ഒരു വർഷം ആർജിക്കുന്ന 15 ദിവസത്തെ ആർജിതാവധി തൊട്ടടുത്ത വർഷത്തേക്ക് ക്യാരി ഓവർ ചെയ്യാനും പരമാവധി 30 എന്ന പരിധിയ്ക്ക് വിധേയമായി സറണ്ടർ ചെയ്യാനും എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടർ 30.03.2023 ൽ അനുമതി നൽകിയിട്ടുണ്ട്. ആയത് രണ്ട് വർഷത്തെ കാലാവധിയ്ക്ക് ബാധകമായ കാര്യമാണ്. എന്നാൽ കാലങ്ങളായി ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഈ ഉത്തരവ് ബാധകമാണോയെന്നത് വിശദീകരിക്കേണ്ടതാണ്. ഈ ജീവനക്കാർ ഗ്രാമപഞ്ചായത്തുമായി ചമച്ചിട്ടുള്ള എഗ്രിമെന്റ് കൂടി പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/14.07.23) മറുപടി ലഭിച്ചില്ല. എഗ്രിമെന്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും സറണ്ടർ ഇനത്തിൽ അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതുമാണ്.

## 1-28 കുടിവെള്ളക്കരം അടയ്ക്കാനുള്ളതിലെ അപാകത

ഗ്രാമപഞ്ചായത്തിലെ 2022 മാർച്ചിലെ 317 ടാപ്പുകളുടെ കുടിവെള്ളക്കരം, കുടിശ്ശികയും ഫൈനും എല്ലാമുൾപ്പെടെ 3,01,87,991/-രൂപയാണ്. തനത് ഫണ്ട് വളരെ കുറവായതിനാൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തന്നെ ഫണ്ട് വിനിയോഗം കുറവാണ്. ആയതിനാൽ ഓഡിറ്റ് വർഷം വാട്ടർ അതോറിറ്റിയിൽ വെള്ളക്കരമിനത്തിൽ തുക അടച്ചിട്ടില്ല.

2021-22 സാമ്പത്തിക വർഷം പ്രോജക്ടിൽ ഉൾപ്പെടുത്തി പൊതു ടാപ്പുകളുടെ ഡിസ്മാന്റിലിംഗ് എന്ന പേരിൽ 4,20,000/-രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുള്ളതും 44 ടാപ്പുകൾ മാത്രം നിലനിർത്തിയാൽ മതിയെന്ന് അറിയിക്കുകയുമുണ്ടായി. പല പ്രാവശ്യവും ഗ്രാമപഞ്ചായത്ത് കത്ത് നൽകിയെങ്കിലും 2022-ഡിസംബർ മാസമാണ് ടാപ്പുകൾ വിച്ഛേദിച്ചത്. ആയതിനാൽ അധിക തുക ഗ്രാമപഞ്ചായത്തിന് വാട്ടർ അതോറിറ്റിയിൽ അടയ്ക്കേണ്ടതായി വരുകയും ചെയ്തു. അപാകത വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.22/14.07.23) നൽകിയതിന് ലഭിച്ച മറുപടിയിൽ നിലവിൽ 50 വാട്ടർ ടാപ്പുകളുടെ ചാർജ്ജ് മാത്രമാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നതെന്നും ആ തുകയാണ് അടയ്ക്കുന്നതെന്നും അറിയിച്ചു. മുൻ വർഷങ്ങളിൽ കുടിശ്ശികയും, ഫൈനും ഉൾപ്പെടെ ക്രമീകരിക്കാനുള്ള തുക എത്രയും വേഗം ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ആയതിനാവശ്യമായ നടപടികൾ ഭരണ സമിതി സ്വീകരിക്കേണ്ടതാണ്.

## 1-29 കുന്നത്തുമറ്റം കുടിവെള്ള പദ്ധതി-അപാകതകൾ

| | |
|---|---|
| പ്രോജക്ട് | കുന്നത്തുമറ്റം കുടിവെള്ള പദ്ധതി പൂർത്തീകരണം,02/23 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | 1)187726/-(വികസന ഫണ്ട്-എസ് സി പി)<br>2)10000/-(തനത് ഫണ്ട്)<br>3)500000/-(ബ്ലോക്ക് വിഹിതം)<br>ആകെ-697726/- |
| ചെലവ് വിവരം | 1)256363/-(74/03.01.2021)<br>2)76360/-(89/08.11.2023)<br>3)111360/-(170/07.01.2023)<br>ആകെ-444083/- |

ഗ്രാമപഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമമുള്ള 6-ാം വാർഡിൽ കുടിവെള്ള സംഭരണിയ്ക്ക് ചുറ്റമതിൽ സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. ഓഡിറ്റ് ടീം നിർവ്വഹണോദ്യോഗസ്ഥയ്ക്കൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ 2017-18ൽ ആരംഭിച്ച ഈ കുടിവെള്ള പദ്ധതി നാളിതു വരെയും പ്രവർത്തന ക്ഷമമായിട്ടില്ല എന്ന് വ്യക്തമായി. വേണ്ടത്ര പഠനം നടത്താതെയും ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താതെയും പദ്ധതി ആവിഷ്കരിച്ച് നടത്തിയതു കാരണമാണ് ഈ പദ്ധതി വേണ്ട രീതിയിൽ തദ്ദേശീയരായ ആളുകൾക്ക് പ്രയോജനപ്പെടാതെ പോയത്. കുടിവെള്ള സംഭരണി സ്ഥാപിച്ചിട്ടുള്ള കുളം തന്നെ മലിനമായ നിലയിലാണ് കാണപ്പെട്ടത്. ഏതാനും ചില ചിത്രങ്ങൾ താഴെ ചേർക്കുന്നു.

ചിത്രം 1



ചിത്രം 2







ചിത്രം 3



ചിത്രം 4



ഇത്തരമൊരു സ്ഥലത്ത് വീണ്ടും പൊതു പണം ചെലവഴിച്ചത് ശരിയായ നടപടിയല്ല. മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.09/13/07.23)മുഖാന്തിരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-30 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകളുടെ വിവരം സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യ നിർണ്ണയ പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2017-18 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ വിവിധ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകകളുടെയും ക്രമീകരിക്കാൻ അവശേഷിക്കുന്നതിന്റെയും വിവരം താഴെ ചേർക്കുന്നു.

| ക്രമ നം (1) | പ്രൊജക്റ്റ് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) (6) | ചെലവഴിക്കാൻ അവശേ ഷിക്കുന്ന/ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (7) |
|---|---|---|---|---|---|---|
| 1 | 1)ഹോമിയോ ആശുപത്രിയ്ക്ക് വാട്ടർ കണക്ഷൻ, 2)വിവിധ അങ്കണവാടി കൾക്ക് വാട്ടർ കണക്ഷൻ 52/18,53/18 | 2017-18 | കേരള വാട്ടർ അതോറിറ്റി | 1,94,000 | 1,94,000 | 0 |
| 2 | സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ, 4/18 | 2017-18 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 2,99,460 | 2,99,460 | 0 |
| 3 | പഴയപഞ്ചായത്ത് ജംഗ്ഷനിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ | 2019-20 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 31,002 | 0 | 31,002 |
| 4 | പൈപ്പ് ലൈൻ വലിക്കൽ | 2020-21 | കേരള വാട്ടർ അതോറിറ്റി | 1,23,000 | 0 | 1,23,000 |

| | | | | | | |
|---|---|---|---|---|---|---|
| 5 | പാമ്പ്ര കോളനി സ്ട്രീറ്റ് മെയിൻ വലിക്കൽ | 2020-21 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 65,520 | 0 | 65,520 |
| 6 | ARWSS Drinking Water - സ്ട്രീറ്റ് മെയിൻ വലിക്കൽ | 2020-21 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 20,760 | 0 | 20,760 |
| 7 | രാജീവ് ഗാന്ധി കീഴേത്തുമുറി SCകോളനി-സ്ട്രീറ്റ് മെയിൻ വലിക്കൽ | 2020-21 | കേരള വാട്ടർ അതോറിറ്റി | 76,000 | 0 | 76,000 |
| 8 | കാശിമനപ്പടി ലൈൻ ഷിഫ്റ്റിംഗ് | 2020-21 | കേരള വാട്ടർ അതോറിറ്റി | 13,564 | 0 | 13,564 |
| 9 | കുടിവെള്ള ടാങ്കുകൾ അറ്റകുറ്റപ്പണി | 2021-22 | കേരള വാട്ടർ അതോറിറ്റി | 2,50,000 | 0 | 2,50,000 |
| 10 | പൊതു ടാപ്പുകളുടെ ഡിസ്മാന്റലിംഗ് | 2021-22 | കേരള വാട്ടർ അതോറിറ്റി | 4,20,000 | 4,20,000 | 0 |
| ആകെ | | | | | | 579846 |

ഡെപ്പോസിറ്റ് തുക നാളിതു വരെയും ക്രമീകരിക്കാത്തത് ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനയ്ക്ക് ശുപാർശ ചെയ്യുന്നതാണ്. മേൽ തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-31 വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം-അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | S0025/23 |
| പ്രൊജക്ടിന്റെ പേര് | വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം. |
| നിർവ്വഹണോദ്യോഗസ്ഥ | സെക്രട്ടറി |
| അടങ്കൽ | 495000(297800/-ധന.ക.ഗ്രാന്റ്,197200/-തനത് ഫണ്ട്.) |
| ചെലവ് | 297800/-, ബിൽ നം.434/29-03-23 |

ടി പ്രോജക്ട് പ്രകാരം കുടിവെള്ളക്ഷാമം രൂക്ഷമായ വാർഡുകളിൽ ലോറിയിൽ കുടിവെള്ളം എത്തിക്കുന്നതിന് ശ്രീ ജെയ്മോൻ കെ.കെ., കൊച്ചുപറമ്പിൽ, കിഴകൊമ്പ് എന്ന വ്യക്തിയെയാണ് ടെണ്ടർ നടപടി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ളത്.

2023 ഫെബ്രുവരി 7 മുതൽ മാർച്ച് 26 വരെ 47 ദിവസം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ KL-21-C-8642 നമ്പർ ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തിയതിന് 297800/-രൂപ കരാറുകാരന് മേൽ സൂചിപ്പിച്ചതു പ്രകാരം നൽകി. വാട്ടർ അതോറിറ്റിയുടെ പിറവം, കക്കാട് ഉള്ള പ്ലാന്റിൽ നിന്നാണ് കുടിവെള്ളം ശേഖരിച്ചത്. ഫയൽ പരിശോധിച്ചതിൽ കുടിവെള്ളം വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) കുടിവെള്ള വിതരണം സംബന്ധിച്ചുള്ള ദുരന്ത നിവാരണ വകുപ്പിന്റെ സ.ഉ(സാധാ)നം. 787/2017 /ഡി.എം.ഡി. തീ.23.02.2017, സ.ഉ(സാധാ)നം.494/2020/ത.സ്വ.ഭ.വ. തീ.27.02.20 നമ്പർ ഉത്തരവുകൾ പ്രകാരം ജലവിതരണ ടാങ്കറുകളിൽ ജി.പി.എസ്. ഉപകരണം ഘടിപ്പിക്കേണ്ടതാണ്. ജലവിതരണം നടത്തുന്ന പ്രദേശത്ത് ജലവിതരണം നടത്തി എന്നതിന്റെ തെളിവായി പ്രദേശത്തെ വാർഡ് മെമ്പറും,പഞ്ചായത്ത് സെക്രട്ടറിയും, ദൈനം ദിന ട്രിപ്പ് ഷീറ്റ് സാക്ഷ്യപ്പെടുത്തേണ്ടതാണ്. ജലവിതരണം നടത്താൻ ഉപയോഗിച്ച ടാങ്കറിന്റെ വാടക ഉടമസ്ഥന് നൽകുന്നത് ജി.പി.എസ്. ലോഗും ട്രിപ്പ് ഷീറ്റും ഒത്തു നോക്കി വാഹനം സഞ്ചരിച്ച കിലോമീറ്റർ ജി.പി.എസ്. ലോഗിൽ നിന്നും നിർണ്ണയിച്ചതിന ശേഷം ട്രിപ്പ് ഷീറ്റ് പരിശോധിച്ച് അതാത് ദിവസം ട്രിപ്പ് നടന്നിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയതിന് ശേഷമായിരിക്കണം. എന്നാൽ ഇപ്രകാരം ജി.പി.എസ് ലോഗുമായി ഒത്തു നോക്കിയല്ല ഇവിടെ തുക നൽകിയിരിക്കുന്നത്. ലോഗ് ബുക്ക്, ട്രിപ്പ് ഷീറ്റ് എന്നിവ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ജി.പി.എസ്. റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) ഓരോ ദിവസവും വാട്ടർ അതോറിറ്റിയിൽ നിന്നും ആകെ ശേഖരിച്ച കുടിവെള്ളത്തിന്റെ അളവും വിതരണം ചെയ്ത കുടിവെള്ളത്തിന്റെ അളവും ഫീൽഡ് പരിശോധന നടത്തി ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ട് ഫയലിൽ ഇല്ല.

3) കുടിവെള്ളം കൊണ്ടു പോകുന്നതിന് ആർ.ടി.ഒ. ഓഫീസിൽ നിന്നും അനുമതി ലഭിച്ചിട്ടുള്ളതും അംഗീകൃത VLTD (വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ്) ഘടിപ്പിച്ച് ടാഗ് ചെയ്ത് ആയതും ആർ.ടി.ഒ. പരിശോധിച്ച് അംഗീകാരം നൽകിയിട്ടുള്ളതും സാധുതയുള്ള FSSAI ലൈസൻസ് ഉള്ളതുമായ

ടാങ്കറുകളിൽ മാത്രം കുടിവെള്ള വിതരണം നടത്തേണ്ടതാണ്. ക്വട്ടേഷൻ നിബന്ധനകളിൽ ഇക്കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

കുടിവെള്ള വിതരണത്തിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/15-07-23) ഹാജരാക്കിയ മറുപടി തൃപ്തികരമല്ല. അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ നിർദ്ദേശപ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ജലജീവൻ പദ്ധതി- സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 22-23 വർഷം നടപ്പിലാക്കാൻ ആസൂത്രണം ചെയ്ത ഒരു ബഹു വർഷ പ്രോജക്ടാണിത്(പ്രൊജക്ട് നമ്പർ- S0116/23). ആകെ 2000000/-രൂപ വകയിരുത്തിയിട്ടുള്ള ടി പ്രോജക്ടിൽ 500000/-രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും, 1500000/-രൂപ മറ്റു ഗ്രാമ പഞ്ചായത്തുകളുടെ വിഹിതവും ആയിട്ടാണ് കണക്കാക്കിയിട്ടുള്ളത്. മണീട്, ആമ്പല്ലൂർ, എടയ്ക്കാട്ടുവയൽ, മുളന്തുരുത്തി പഞ്ചായത്തുകൾക്ക് വേണ്ടി ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വിവിധ പദ്ധതി ഘടകങ്ങളായ കിണർ, റോ വാട്ടർ പമ്പിങ്ങ് മെയിൻ, 15.5 Mld ശേഷിയുള്ള ശുദ്ധീകരണശാല, 9 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ടാങ്ക്, എന്നിവ മണീട് പഞ്ചായത്തിലെ നെച്ചൂരിൽ സ്ഥാപിച്ച് പ്രോജക്ട് നടപ്പിലാക്കുന്നതിനായി മൂവാറ്റുപുഴയോരത്ത് പണിയേണ്ട കിണറിന് റവന്യൂ പുറമ്പോക്ക് ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്. വാട്ടർ ട്രീറ്റ്മെന്റ് പ്ളാന്റിലേക്കുള്ള പമ്പിങ്ങ് മെയിനും വിവിധ ടാങ്കുകളിലേക്ക് ഉള്ള പമ്പിങ്ങ് മെയിനുകളും സ്ഥാപിക്കുന്നതിനുള്ള വഴിക്ക് 15 1/2 സെന്റ് സ്ഥലം 3 സ്വകാര്യ വ്യക്തികളിൽ നിന്നും 4 ഗ്രാമ പഞ്ചായത്തുകൾ ഒത്തുചേർന്ന് വാങ്ങി മണീട് പഞ്ചായത്തിന്റെ പേരിൽ മുതൽക്കൂട്ടി പ്രവർത്തിക്കാനാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. ആയതുപ്രകാരം ടി സ്ഥലത്തിന്റെ വിലയായി എറണാകുളം ജില്ലാ കളക്ടർ നിശ്ചയിക്കുന്ന ഫെയർ വാല്യുവിന്റെ അടിസ്ഥാനത്തിൽ വാങ്ങുന്നതിന് നാല് പഞ്ചായത്തുകളും തുല്യമായി തുക വകയിരുത്തി സ്ഥലം ഉടമകളിൽ നിന്നും സമ്മത പത്രം ലഭ്യമാക്കി മണീട് പഞ്ചായത്ത് പ്രസിഡന്റ് മുഖേന കൈമാറാൻ 13.06.22 ൽ നടന്ന ജലജീവൻ പദ്ധതി അവലോകന യോഗത്തിൽ തീരുമാനിച്ചു. സെന്റിന് 1.20 ലക്ഷം രൂപ നിരക്കിൽ 15.5 സെന്റ് ഭൂമിക്ക് ആവശ്യമായ പണം 4 പഞ്ചായത്തുകളും തുല്യമായി വീതിച്ച് ഓരോ പഞ്ചായത്തിന്റെയും ഓഹരി മണീട് പഞ്ചായത്ത് പ്രസിഡന്റ് മുഖേന കൈമാറാനാണ് തീരുമാനിച്ചത്. ഇതനുസരിച്ച് ആമ്പല്ലൂർ പഞ്ചായത്തിന്റെ വിഹിതം 5,00,000/-രൂപ സെക്രട്ടറിയുടെ പേരിൽ (എസ്.ബി.ഐ. പിറവം ബ്രാഞ്ചിൽ) ലഭ്യമായിട്ടുണ്ട്. മറ്റു ഗ്രാമപഞ്ചായത്തുകളിൽ നിന്നും തുക ലഭ്യമായിട്ടുണ്ടോ എന്നും ഈ പ്രോജക്ടിന്റെ നിലവിലെ അവസ്ഥയെ സംബന്ധിച്ചുള്ള വിശദീകരണം എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്( നം .27/15-7-23) ലഭ്യമാക്കിയ മറുപടിയിൽ നിർണയിച്ച് ലഭിച്ച ഫെയർ വാല്യൂ തുകയ്ക്ക് വസ്തു ലഭ്യമാക്കാൻ ഉടമസ്ഥർ തയ്യാറായിട്ടില്ലാത്ത സാഹര്യത്തിൽ ജില്ലാ പർച്ചേസ് കമ്മിറ്റി മുൻപാകെ ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും വ്യക്തികൾ ആവശ്യപ്പെട്ട വിലയായ 120000/- രൂപ അംഗീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. ടി പദ്ധതി 23-24 വർഷം ഏറ്റെടുത്തിട്ടുള്ളതും ആണ്. ജില്ലാ പർച്ചേസ് കമ്മിറ്റി തീരുമാന പ്രകാരം വസ്തു വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. ആമ്പല്ലൂർ പഞ്ചായത്തിന്റെ വിഹിതം ലഭ്യമായിട്ടുണ്ടെന്നും 23-24 വർഷം മറ്റു പഞ്ചായത്തുകളിൽ നിന്നും വിഹിതം ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

## 1-33 വയലോരം ടൂറിസം പദ്ധതി

| | |
|---|---|
| പ്രൊജക്ട് നമ്പർ | S0086/23 |
| പ്രൊജക്ടിന്റെ പേര് | ടൂറിസം പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥ | സെക്രട്ടറി |
| അടങ്കൽ | 100000/-വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 100000/-, BRN NO-1901509259/28-03-23 |

പഞ്ചായത്തിന്റെ 22-23 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ടി പ്രോജക്ട് പ്രകാരം വയലോര ടൂറിസം പദ്ധതിയ്ക്കായി ഏറ്റെടുത്തിട്ടുള്ള 7ാംവാർഡ് പുത്തൻനട-കാര്യർക്കാവ് ഭാഗത്തുള്ള പൊതു തോടിന്റെ വശങ്ങളിൽ, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ടി പദ്ധതി നടപ്പിലാക്കുന്നതിനായി ഡി പി ആർ തയ്യാറാക്കുന്നതിനായി ടെണ്ടർ നടപടിപ്രകാരം കരാർ ഏറ്റെടുത്തത് കൊച്ചുതൊമ്മൻ മാത്യു എന്ന വ്യക്തിയാണ്. 100000/-രൂപ ടിയാൾക്ക് മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. നിലവിൽ ടി പ്രോജക്ടിന്റെ സ്ഥിതിയെ സംബന്ധിച്ചുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 25/15-07-23) ലഭ്യമാക്കിയ മറുപടിയിൽ ടൂറിസം പദ്ധതിക്കായി തയ്യാറാക്കിയ ഡിപിആറിന് ടൂറിസം വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട് എന്നുംഅതിന്റെ അടിസ്ഥാനത്തിൽ 23-24 വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി പദ്ധതി ഏറ്റെടുത്ത് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

എന്നും അറിയിച്ചിട്ടുണ്ട്. ടി പ്രോജക്ട് കാര്യക്ഷമമായും ടൂറിസം വികസനത്തിന് ഉതകുന്ന രീതിയിലും നടപ്പിലാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അജൈവമാലിന്യം നീക്കുന്നതിന് വാഹനവാടക നൽകി

| | |
|---|---|
| പ്രോജക്ട് നം. | S169/23 |
| പ്രോജക്ടിന്റെ പേര് | ഹരിതകർമ്മസേന പ്രവർത്തനം - വാഹനവാടക മുതലായവ |
| അടങ്കൽ, ഫണ്ട് | 75000/- (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ്) |
| ചെലവ് | 75000/- |
| ബിൽ നം./തീയതി | 195/23.01.23, 248/15.02.23, 265/20.02.23<br>266/20.02.23, 264/20.02.23, 312/13.03.23 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

മണീട് ഗ്രാമപഞ്ചായത്തിലെ മിനി എം.സി.എഫ്.കളിൽ ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവമാലിന്യം മുഖ്യ എം.സി.എഫ്.ൽ എത്തിക്കുന്നതിനുള്ള വാഹനവാടക നൽകുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ മുഖ്യ എം.സി.എഫ്.ൽ ശേഖരിച്ചിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം ക്ലീൻ കേരള കമ്പനിയുടെ മൂവാറ്റുപുഴയിലുള്ള ശേഖരണകേന്ദ്രത്തിൽ എത്തിച്ച വകയിലെ വാഹന വാടകയായിട്ട് ബിൽ നമ്പറുകൾ 264/20/02.23, 265/20.02.23 എന്നിവ പ്രകാരം ₹10000/- (6740+3260) നൽകിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും, വിപണനം നടത്തുന്നതിനും ക്ലീൻ കേരള കമ്പനിയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഡിസി1/282/2020/ത.സ്വ.ഭ.വ തീയതി.29.07.2020 നമ്പർ സർക്കുലർ പ്രകാരം സർക്കാർ മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മണീട് ഗ്രാമപഞ്ചായത്ത് ക്ലീൻ കേരള കമ്പനിയുമായി 12.07.2021ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. മേൽ സൂചിപ്പിച്ച കരാറിലെ ക്ലീൻ കേരള കമ്പനിയുടെ ചുമതലകളും, ഉത്തരവാദിത്തങ്ങളും മേൽ സർക്കുലറിലെ ക്രമ നം. 9 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ തരംതിരിച്ച് ശേഖരിക്കുന്ന മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ നീക്കംചെയ്യുന്നതിനുള്ള സംവിധാനം ക്ലീൻ കേരള കമ്പനി ഒരുക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച സർക്കാർ സർക്കുലറും, ക്ലീൻ കേരള കമ്പനിയുമായിട്ടുള്ള കരാർ പ്രകാരവും മുഖ്യ എം.സി.എഫ്.ൽ ശേഖരിച്ചിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം ക്ലീൻ കേരള കമ്പനിയുടെ മൂവാറ്റുപുഴയിലുള്ള ശേഖരണകേന്ദ്രത്തിൽ എത്തിക്കേണ്ടത് ക്ലീൻ കേരള കമ്പനിയുടെ ഉത്തരവാദിത്തമാണ്. ആയതിനാൽ മുഖ്യ എംസിഎഫിൽ ശേഖരിച്ചിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം ക്ലീൻ കേരള കമ്പനിയുടെ മൂവാറ്റുപുഴയിലുള്ള ശേഖരണകേന്ദ്രത്തിൽ എത്തിച്ചതിന് വാഹനവാടക നൽകിയത് കരാറിന് വിരുദ്ധമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 16/13.07.2023) മറുപടി ലഭിച്ചില്ല. ആയതിനാൽ ക്ലീൻ കേരള കമ്പനിയുമായുള്ള കരാറിന് വിരുദ്ധമായി മുഖ്യ എം.സി.എഫ്.ൽ നിന്നും പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്തതിന്

വാഹനവാടകയിനത്തിൽ നൽകിയ ₹ 10,000/- ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 12000 | തരിശ് നെൽകൃഷി വികസനം | 12000 | 0 |
| | | 600000 | തരിശ് നെൽകൃഷി വികസനം | 600000 | 0 |
| | | 363405 (മുന്നിരിപ്പ്) | ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ | 0 | 363405 |
| | | 611500 (മുന്നിരിപ്പ്) | റവന്യൂ എക്സ്പെന്റിച്ചർ | 0 | 611500 |
| | | 1020(മുന്നിരിപ്പ്) | റവന്യൂ എക്സ്പെന്റിച്ചർ | 0 | 1020 |
| | | 600000 | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 600000 | 0 |
| | | (1)1860000 (2)1840000 | 1)ലൈഫ് ഭവന പദ്ധതി(ജനറൽ) 2)(പട്ടിക ജാതി) | (1)1860000 (2)1840000 | 0 |
| | | 117100 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 117100 | 0 |
| | | 1150000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1150000 | 0 |
| ആകെ | | 6179100 + 975925 (മുന്നിരിപ്പ്) | | 6179100 | 975925 (മുൻവർഷം ലഭിച്ച തുക ചെലവഴിക്കാൻ അവശേഷിക്കുന്നത്) |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 12000 | തരിശ് നെൽകൃഷി വികസനം | 12000 | 0 |
| | | 2683900 (മുന്നിരിപ്പ്) | റവന്യൂ എക്സ്പെന്റിച്ചർ | 0 | 2683900 |
| | | 1200000 | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 953586 | 246414 |
| | | (1)200000 (2)1080000 | 1)ലൈഫ് ഭവന പദ്ധതി(ജനറൽ) 2)(പട്ടിക ജാതി) | (1)200000 (2)1080000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 276808 | ബഡ്സ് സ്കൂൾ നവീകരണം | 276808 | 0 |
| | | 292450 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 292450 | 0 |
| ആകെ | | 3061258 + 2683900 | | 2814844 | 2930314 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന വായ്പ HUDCO | സ.ഉ (കൈ) 2278/2018/ ത.സ്വ.ഭ.വ./ 18.08.2018 | 5422329 | 3046330 | 1810331 | 0 | 1235999 |

തൻവർഷത്തെ വികസനഫണ്ട് (ജനറൽ) അലോക്കേഷനിൽ നിന്നും വികസനഫണ്ട് (എസ്.സി.പി) അലോക്കേഷനിൽ നിന്നും ഉൽഭവത്തിൽ കുറവ് ചെയ്ത തുക

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,00,000.00 |
| തൻവർഷം നിക്ഷേപിച്ച തുക- പലിശ | 0.00 |
| ആകെ | 1,00,000.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0.00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,00,000.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | രസീത് നമ്പർ | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | മണീട് സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് | FD 88759/7.4.2022 | 50,000.00 |
| 2 | മണീട് സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് | FD 86586/26.1.2022 | 50,000.00 |
| ആകെ | | | 1,00,000.00 |

സ്ഥിരനിക്ഷേപത്തിന്റെ പലിശ വരവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,68,41,928.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,19,63,295.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10,000.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,32,893.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 10,000 | ശ്രീ മോഹൻദാസ് കെ സി,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മണീട് |
| ആകെ | | 10,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17-1 | 186378 | ഡോ.വിപിൻ മോഹൻ റ്റി.എം. മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി മണീട് |
| 1-18 | 18515 | ഡോ.ബിന്ദു ബി പണിക്കർ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-19 | 80000 | ശ്രീ മോഹൻദാസ് കെ സി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മണീട് |
| 1-20 | 48000 | ശ്രീ മോഹൻദാസ് കെ സി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മണീട് |
| ആകെ | 3,32,893 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ വിപിൻ മോഹൻ ടി.എം.<br>മെഡിക്കൽ ഓഫീസർ | പി.എച്ച്.സി മണീട്. | ശ്രീവത്സം, മാമ്പുഴ, കുഴയറ്റിക്കര പി.ഒ. |
| ഡോ.ബിന്ദു ബി പണിക്കർ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, ഹോമിയോ, മണീട് | മാധവം<br>മരട് (പി.ഒ.) |
| ശ്രീ മോഹൻദാസ് കെ സി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മണീട് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മണീട് | കൊച്ചുപാറയ്ക്കൽ, ഇലഞ്ഞി പി.ഒ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ | തീർപ്പാക്കാൻ |
|---|---|---|

| വർഷം | കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93 & 1993-94 | കെ.എസ്.എ.ഇ.കെ.എം. (പി.9) 1531(I)/22 തീ.13.12.2022 | 5 |
| 1997-98 | കെ.എസ്.എ.ഇ.കെ.എം. (പി.9) 1531(IV)/22 തീ.13.12.2022 | 2 |
| 1998-99 (വരവ്) | എൽ.എഫ്.ഇ.(പി1) 1741/07 തീ.15.05.2009 | 1 |
| 1998-99 (ചെലവ്) | കെ.എസ്.എ.ഇ.കെ.എം. (പി.9) 1531(V)/22 തീ.13.12.2022 | 6 |
| 1999-2000 (വരവ്) | എൽ.എഫ്.ഇ.(പി1) 1740/07 തീ.02.05.2009 | 1 |
| 1999-2000 (ചെലവ്) | കെ.എസ്.എ.ഇ.കെ.എം. (പി.9) 1531(VI)/22 തീ.13.12.2022 | 1 |
| 2000-01 (വരവ്) | എൽ.എഫ്.ഇ. (പി1)1739/07 തീ. 17.09.09 | 6 |
| 2000-01 (പദ്ധതി) | കെ.എസ്.എ.ഇ.കെ.എം. (പി.9) 1531(VII)/22 തീ.13.12.2022 | 10 |
| 2002-03 | കെ.എസ്.എ.ഇ.കെ.എം. (പി.9) 1531(VIII)/22 തീ.13.12.2022 | 5 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം. (പി.9) 1531(IX)/22 തീ.13.12.2022 | 12 |
| 2005-06 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/I/ 2018/14.9.2018 | 2 |
| 2006-07 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/II/ 2018/14.9.2018 | 2 |
| 2007-08 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/III/ 2018/14.9.2018 | 2 |
| 2008-09 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/IV/ 2018/14.9.2018 | 1 |
| 2009-10 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/V/ 2018/14.9.2018 | 5 |
| 2010-11 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/VI/ 2018/14.9.2018 | 7 |
| 2011-12& 2012-13 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/VII/ 2018/14.9.2018 | 8 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി.6) 707/VIII/ 2018/14.9.2018 | 3 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി.6) 2266/18/7.5.2019 | 6 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി.ജി) 1071/2020/14.12.2020 | 3 |
| 2017-18 | -ടി- | 13 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം.(പി.6) 1860/21 തീ 16.10.2021 | 3 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം.(പി.6) 485/2021 / 15.12.2021 | 12 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം.(പി.6) 927/2022 / 11.08.2022 | 20 |
| 2021-22 | കെ.എസ്.എ.ഇ.കെ.എം.(പി.6) 67/2023 /31.03.2023 | 26 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 30-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Maneedu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Maneedu Grama Panchayat for the year 2022-2023

Date: 12/09/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Maneedu Grama Panchayat for the Year 2022-2023.

**1.Major Observations**

1) Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2) Lack of Panchayath Raj Budget rules adversely affecting budgetary control system.

3) The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

4) Non inclusion of Notes to Accounts in Financial statements and non disclosure of material facts.

**2.Other Observations**

1) No work sheet has been prepared for calculating depreciation for current year in Income & Expenditure account for assets.

2) Rupees 41901832/- including the water charge for the month of March 2023 is due in the water charge

of the panchayat. But this amount has not been included as a liability of the Gram Panchayat in the 2021-22 annual accounts.

3) 21,23,406/-shown under 350300107 head (Govt. & Other Dues Payable ÂÂÂÂÂ River Management Fund) in Schedule B-9 (Other Liabilities) of the balance sheet has not been paid to the Government.

4) CGST and SGST arrears of previous year, current year receipts and disbursements do not match with the amount remaining in Schedule B-9.

5) Rupees 4,75,633/- has been shown in Balance Sheet B-9 Schedule under Refund of Unutilized Grants-Prior period (head code-350400999). It is noticed that the unutilised portion of the grant received by the Grama Panchayath has not yet refunded and audit consider this not to be a good practice

6) The total amount brought forward to capital contribution is not in line with the capital expenses incurred.

7) According to the cash flow statement, "Net increase in cash and cash equivalents" for the period 2022-23 is recorded as Rs. 4878633.00. But, "Net cash generated by Operating+Investing+Financing Activity" for the period of 2022-23 is recorded as -6210322.00 rupees. The two amounts in the statement submitted by the Gram Panchayat do not match although the above two amounts should be reconciled as per accepted accounting standards.

8) There is difference in the Joint Venture projects balance funds as per B4 Schedule and B17 Schedule

9) Property Tax Demand, Collection, Balance in the Annual Financial Statement is not in tally with the Sanchaya DCB Statement.

Place : Kakkanad, Ernakulam

Date :8.9.23

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്